കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

## പുലിയൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ആലപ്പുഴ ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി12-1265/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ,
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753
തീയതി: 16.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

പുലിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി12-1265/2016 തിയ്യതി:16.11.2016

## ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ

## 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2015മുതൽ 31/03/2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 25/10/2016 മുതൽ 31/10/2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. സുജ.എൻ, | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീ.പ്രവീൺ ഷേണായി.ജെ | അസ്സി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.രാജശ്രീ.വി | അസ്സി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.രാജി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സുനിൽകുമാർ.ജി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.രേഖാ റജി | 1.04.2015മുതൽ 31.10.2015വരെ |
| | | ഇല്ല. | 1.11.2015മുതൽ 11.11.2015വരെ |
| | | ശ്രീമതി.റ്റി.റ്റി.ഷൈലജ | 12.11.2015മുതൽ 31.3.2016വരെ |
| സെക്രട്ടറി | : | ശ്രീ.എസ്.ഖാൻ മഹദൂർ മുഹമ്മദ് സാഹിബ് | 01.04.2015 മുതൽ 27.7.2015വരെ |
| | | ശ്രീമതി.ഓമന ദേവദാസ് | 28.7.2015 മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | | ശ്രീമതി.ചിത്രാ കെ.ആർ. | 01/04/2015 മുതൽ 31/03/2016വരെ |
| പ്രധാനാധ്യാപകൻ | | ശ്രീ.സജി കുമാർ | 01/04/2015 മുതൽ 31/03/2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ.ഗ്ളോറി | 01/04/2015മുതൽ 31/03/2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | | ഡോ.ശ്യാമ പ്രസാദ് | 01/04/2015മുതൽ 20/10/2015FNവരെ |
| | | ഡോ.ബ്രിജു രാമൻ കുട്ടി | 20/10/2015AN മുതൽ 12/01/2016 വരെ |
| | | ഡോ.രാജി സുഗതൻ | 11/01/2016 മുതൽ 31/03/2016വരെ |
| വി.ഇ.ഓ. | | ശ്രീഅനിൽ കുമാർ | 01/04/2015മുതൽ 31/03/2016വരെ |
| വി.ഇ.ഓ. | | ശ്രീ.ജ്യോതിസ്<br>ശ്രീമതി.മഞ്ജുജോർജ്. | 01/04/2015 മുതൽ 31/08/2015വരെ<br>8.9.2015 മുതൽ 31.3.16വരെ. |
| അസി.എഞ്ചിനിയർ | | ശ്രീ.അഭിലാഷ് | 01/04/2015 മുതൽ 31/03/2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.വിജയമ്മ | 01/04/2015മുതൽ 30/11/2015വരെ |
| | | ശ്രീമതി.സരസമ്മ | 01/12/2015മുതൽ 31/03/2016വരെ |
| വെറ്ററിനറി സർജൻ | | ഡോ.ശ്രീകല | 01/04/2015മുതൽ 31/03/2016വരെ |

| | | | |
|---|---|---|---|
| അസ്സി.സെക്രട്ടറി | | ശ്രീമതി.ഷീജ.പി.എസ് | 01/04/2015മുതൽ 31/3/2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി.ബിന്ദു ദേവി. | 01/04/2015 മുതൽ 31/03/2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-11 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ - അപാകത തുടരുന്നു |
| 3 | 2-2 | തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടയ്ക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - രജിസ്റ്ററിൽ രസീത് പോസ്റ്റ് ചെയ്യുന്നില്ല |
| 4 | 2-3 | പരസ്യ നികുതി പിരിയ്ക്കുന്നില്ല – വരുമാന നഷ്ടം |
| 5 | 2-4 | റേഷൻ കടകളും കള്ള് ഷാപ്പുകളും ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവ കൂടാതെ പ്രവർത്തിക്കുന്നു |
| | | ഭാഗം 3 |
| 6 | 3-1 | ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. |
| 7 | 3-2 | ഇഎംഎസ് ഭവന പദ്ധതി :-ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| 8 | 3-3 | പാലിയേറ്റീവ്കെയർ പദ്ധതി :-മരുന്നുകൾ യഥാസമയം ലഭിയ്ക്കുന്നതിനുള്ള നടപടികളില്ല, പി.എം.സി യോഗം കൃത്യമായി ചേരുന്നില്ല. |
| 9 | 3-4 | വിവിധ മെയിന്റനൻസ് പദ്ധതികൾ-- സിറാമിക് ടൈൽ ഫ്ലോറിംഗ്-- അധിക നിരക്ക് നല്കി |
| 10 | 3-5 | പൊതുമാരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ |
| 11 | 3-6 | പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 12 | 3-7 | മിനി ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപിക്കൽ - പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകൾ |
| 13 | 3-8 | സ്വയം തൊഴിലിന് ഓട്ടോറിക്ഷാ - പ്രോജക്ടിലെ അപാകത - സംബന്ധിച്ച് |
| 14 | 3-9 | ഐ.കെ.എം.സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല. |
| 15 | 3-10 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപ്പണിയും.(പ്രോജക്റ്റ്100/16).അപാകതകൾ |
| 16 | 3-11 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി |
| 17 | 3-12 | മീഡിയാ ശ്രീ-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല |
| | | ഭാഗം 4 |
| 18 | 4-1മുതൽ 4-10 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | | |
|---|---|---|
| | വരെ | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 23.03.2015 തിയതിയിലെ I(A) തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2016 | 31/07/2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -14171971/-

വരവ് -25059359/-

ആകെ -39231330/-

ചെലവ് -32069480/-

നീക്കിയിരിപ്പ്-7161850/-

1-5 ഫണ്ട് വിനിയോഗം(ബജറ്റ് അലോക്കേഷൻ തുക വരവായി കണക്കാക്കി തയ്യാറാക്കിയത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 889637/- | 6013288/- | 6902925/- | 6573748/- | 329177/- | 95% |
| വികസനഫണ്ട് എസ്.സി.പി. | 2049384/- | 2820766/- | 4870150/- | 3454461/- | 1415689/- | 71% |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 222821/- | 3827000/- | 4049821/- | 3982899/- | 66922/- | 98% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 951263/- | 2320000/- | 3271263/- | 2917122/- | 354141/- | 89.2% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1134116/- | 2893067/- | 4027183/- | 3929114/- | 98069/- | 98% |
| പെർഫോമൻസ് ഗ്രാന്റ് | 1975421/- | 0 | 1975421/- | 1106571/- | 868850/- | 56% |
| എം.എൻ.ആർ.ഇ.ജി.എസ്. | 64001/- | 202085/- | 266086/- | 265790/- | 296/- | 99.9% |
| ബി ഫണ്ട് | - | 14703914 | 14703914 | 14703914 | - | 100% |

1-6പദ്ധതി അവലോകനം.

2014-15 വർഷം നിശ്ചിത ശതമാനം തുക ചെലവഴിക്കാത്തതിൽ പെർഫോമൻസ് ഗ്രാന്റ് നഷ്ടപ്പെട്ടു. 2015-16 വർഷത്തിലും നിശ്ചിത ശതമാനം ചെലവു വന്നിട്ടില്ല. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 34964820/- | 106 | 23155538/- | 8 | 0 | 93% |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

*(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)*

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 331875/- | 399240/- | 67365/- | +20.29 |
| നികുതിയേതര വരവുകൾ | 651703/- | 402505/- | 249198/- | -38.24 |
| മറ്റുവരവുകൾ | 47197/- | 53359/- | 6162/- | +13.06 |
| ആകെ | 401765/- | 855104/- | 453339 | +112.8 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 164160/- | 82 |
| കർഷകതൊഴിലാളി പെൻഷൻ | 4546650 | 541 |
| വിധവാപെൻഷൻ | 4150840 | 552 |
| വാർദ്ധക്യകാലപെൻഷൻ | 3951810 | 1061 |
| വികലാംഗപെൻഷൻ | 1640550 | 204 |
| വിവാഹ ധന സഹായം | 180000/- | 6 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

3367/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവ് വഴി ജോലി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും, പേഴ്സണൽ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പൂർത്തിയാക്കി പബ്ലിക് അക്കൗണ്ടിൽ ഉള്ള തുക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/10/2016 | 09/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/09/2016 മുതൽ 12/09/2016 വരെ | 2015-16 വരെ | ലഭിച്ചില്ല |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ - അപാകത തുടരുന്നു

പുലിയൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിപ്പിനായി എസ്.ബി.റ്റി പുലിയൂർ (അക്കൗണ്ട് നം.67061761988), ജില്ലാ സഹകരണ ബാങ്ക്, ചെങ്ങന്നൂർ (അക്കൗണ്ട് നം.4005/11/01/000107)എന്നീ ശാഖകളിലായി 2 അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു. സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വഭവ /26.05.2011 പ്രകാരം തനത് ഫണ്ട് സൂക്ഷിപ്പിന് ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുന്നു. ഇതു സംബന്ധിച്ച് അപാകം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നു. എന്നാൽ നിലവിൽ ഇതേ അപാകത തുടർന്നു വരുന്നു. ഇതു സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (നം.5) മറുപടി ലഭിച്ചില്ല. പഞ്ചായത്തിന് സൗകര്യപ്രദമായ ഒരു അക്കൗണ്ട് നില നിർത്തി മറ്റേ അക്കൗണ്ട് ക്ലോസ് ചെയ്ത് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടയ്ക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - രജിസ്റ്ററിൽ രസീത് പോസ്റ്റ് ചെയ്യുന്നില്ല

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി/സ്ഥാപന നികുതി രജിസ്റ്റർ കാലികമാക്കുകയോ രസീത് പോസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

1)താഴെപ്പറയുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ 2015-16 ൽ തൊഴിൽ നികുതി അടച്ചില്ല.

| ക്രമ നം. | പേര്/ വിലാസം | സ്ഥാപനം/ വിലാസം | ഇനം/റിമാർക്സ് |
|---|---|---|---|
| 1 | പട്ടിക ജാതി വികസന ഓഫീസർ | ചെങ്ങന്നൂർ ബ്ലോക്ക് | തൊഴിൽ നികുതി (1 & 2nd half) |
| 2 | മാനേജർ | മുത്തൂറ്റ് ഫിനാൻസ് | തൊഴിൽ നികുതി (1 & 2nd half), സ്ഥാപന നികുതി (1 & 2nd half) |

| | | | |
|---|---|---|---|
| 3 | സെക്രട്ടറി | പുലിയൂർ സർവീസ് സഹകരണ ബാങ്ക് നം. A109, പേരിശ്ശേരി | സ്ഥാപന നികുതി (1 & 2) |
| 4 | മാനേജർ | ഫെഡറൽ ബാങ്ക്, പുലിയൂർ | സ്ഥാപന നികുതി (2nd half) |

2) താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2015-16 ൽ സ്ഥാപന നികുതി മുഴുവൻ തുകയും ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം/ വിലാസം | 2015-16 ൽ ഈടാക്കിയ തുക (Ist & 2nd Half) | ഈടാക്കേണ്ട തുക | കുടിശ്ശിക |
|---|---|---|---|---|
| 1 | മാത്യൂസ് ഫൈനാൻസിയേഴ്സ് | 900/- | 2500/- | 1600/- |
| 2 | ഡാനിസൺസ് ഫൈനാൻസിയേഴ്സ് | 2000/- | 2500/- | 500/- |
| | ആകെ | 2900/- | 5000/- | 2100/- |

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പിരിച്ചെടുത്ത തുകകൾ പൂർണ്ണമായും പോസ്റ്റ് ചെയ്തിട്ടില്ല. ആയതിനാൽ യഥാർത്ഥ കുടിശ്ശിക സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭിച്ചില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും കുടിശ്ശിക ഈടാക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി പിരിയ്ക്കുന്നില്ല - വരുമാന നഷ്ടം

പുലിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2015-16 വർഷം പരസ്യനികുതി ഇനത്തിൽ തുകയൊന്നും പിരിച്ചെടുത്തില്ല. പുലിയൂർ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതി സംബന്ധിച്ച് ബൈലോ തയ്യാറാക്കുകയോ പരസ്യനികുതി പിരിക്കുകയോ ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് തുടർച്ചയായി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജി.ഒ(പി)128/2002 എൽ.എസ്.ജി.ഡി. തീയതി:25/07/2002 പ്രകാരം എല്ലാ പഞ്ചായത്തുകളും പരസ്യനികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5-ക്രമ നം.1/27.10.2016) മറുപടി ലഭിച്ചില്ല. അടിയന്തിരമായി ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 റേഷൻ കടകളും കള്ളു ഷാപ്പുകളും ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവ കൂടാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനവും ഡി& ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) അനുശാസിക്കുന്നു. എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളും കള്ളുഷാപ്പുകളും 2015-16 വർഷം ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൂടാതെയാണ് പ്രവർത്തിച്ചത്. പുലിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകളും ഏതാനും കള്ളുഷാപ്പുകളും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും നാളിതു വരെ ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലാത്തതിനാൽ

പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 ക്രമ നം.2/27.10.16) മറുപടി ലഭിച്ചില്ല. ഗ്രാമ പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുത്ത് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 362/2013, തീയതി, 16.11.2013 ഖണ്ഡിക 7-18 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, ഇവയൊന്നും പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്.

പദ്ധതി നിർദ്ദേശ പ്രകാരമുള്ള നടപടിക്രമം താഴെപ്പറയും പ്രകാരമാണ്.

1. വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം നൽകുക.
2. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരായവരെ ഒഴിവാക്കി അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുക.
3. ഇവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി, അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുക.
4. മുൻഗണനാ ലിസ്റ്റ് ഫീൽഡ് ലവൽ പരിശോധന നടത്തി മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കുക.
5. ഈ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ ചർച്ച ചെയ്ത് അന്തിമ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭാ മിനിട്സിൽ രേഖപ്പെടുത്തുക.
6. ഈ ലിസ്റ്റിന് ഭരണ സമിതി അംഗീകാരം നൽകുക.
7. അംഗീകരിച്ച ലിസ്റ്റ്, നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുക.
8. ഈ ലിസ്റ്റിൽ മാറ്റം വരുത്തുന്നത് അനിവാര്യമെങ്കിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ മാറ്റം വരുത്താവുന്നതാണ്.

   മേൽ നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ ഗ്രാമസഭയിൽ ലഭിച്ച അപേക്ഷകളിൽ നിന്ന് ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. മതിയായ പ്രചരണം നടത്താത്തതിനാൽ ഗ്രാമസഭകളിൽ ലഭിച്ച അപേക്ഷകൾ തുലോം കുറവായിരുന്നു. അർഹതയുടെ മുൻഗണനാ ക്രമത്തിലല്ല ലിസ്റ്റ് തയ്യാറാക്കിയതും. ഇതിന്റെ ഫലമായി പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ അർഹതാ രേഖകളുടെ പരിശോധനയിൽ ലിസ്റ്റിലുള്ള ബഹുഭൂരിപക്ഷവും അർഹതയില്ലാത്തവരാണെന്ന് കണ്ടെത്തപ്പെട്ടു. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ട അവസ്ഥയുണ്ടായി.

വ്യക്തിഗത ആനുകൂല്യ വിതരണം നടത്തിയ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ഇപ്രകാരം ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങളിലെ നടപടിക്രമങ്ങൾ ശരിയായി പാലിച്ച് കുറ്റമറ്റ രീതിയിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഭരണ സമിതിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും പ്ലാൻ കോ-ഓഡിനേറ്ററുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

പ്രോജക്ട് നം.23/16(കിണർ നിർമ്മാണം-ജനറൽ) പദ്ധതിയിൽ ആനുകൂല്യം നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് 26.2.16ലെ I(ii)- നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

1.ശിവൻപിള്ള,കൃഷ്ണവിലാസം.(ബിൽ നം.7/15-16തീ.13.2.16) 15000/-

2.പുഷ്പകുമാരി,കിഴക്കടത്ത് അനുഭവനം.(ബിൽ നം.9/15-16തീ.21.3.16) 15000/-

3.ഗണേശൻ ആചാരി,വാർണേത്ത്.(ബിൽ നം.9/15-16തീ.21.3.16) 15000/-

4.ജയരാജ്,വിനോദ് സദനം.(ബിൽ നം.11/15-16തീ.30.3.16) 15000/-

ഈ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.2ന് മറുപടി നൽകിയില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4212/എ.ബി1/14 തീയതി 8.12.14 സർക്കുലർ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. ഇതിനു വിരുദ്ധമായി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകരിയ്ക്കുകയാണെങ്കിൽ ആയതിന്റെ ബാധ്യത സെക്രട്ടറിയ്ക്കും പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾക്കും ആയിരിയ്ക്കും. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമനം.4 പ്രകാരം ആനുകൂല്യം നൽകിയ വ്യക്തിയുടെ പേരും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി ഗുണഭോക്താവിനെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകാനാവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല. ആനുകൂല്യം നൽകിയത് തുടർന്നുള്ള ഗ്രാമസഭയിൽ സാധൂകരിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലായെങ്കിൽ ചെലവുതുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്. 60,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഇ.എം.എസ്. ഭവന പദ്ധതി:- ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 2010 വർഷം കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ചുവടെ ചേർക്കും പ്രകാരം ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ഇവർ വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പണി പൂർത്തിയാക്കാത്തവയുടെ വിശദാംശം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10ന് മറുപടി നൽകിയില്ല. തുക കൈപ്പറ്റിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അനിതാ രാജേഷ്, കൈപ്പള്ളിത്തറ, പുലിയൂർ. | 67500/- (മൂന്ന് ഗഡുക്കൾ) |
| 2 | സുഭദ്ര,കന്നംമ്പള്ളിൽ,പുലിയൂർ. | 67500/- (മൂന്ന് ഗഡുക്കൾ.) |
| 3 | അമ്പികാ സുനിൽ, സുബിൻ വില്ല, പേരിശ്ശേരി. | 22500 (ആദ്യഗഡു) |
| 4 | വാവച്ചൻ,ആറ്റുമാലിയ്ക്കൽ ജോബിൻ നിവാസ്. | 52500/-(രണ്ടു ഗഡുക്കൾ) |
| 5 | കെ.പി.ഹരിദാസ്,കാവുങ്കൽ. | 52500/- (രണ്ടു ഗഡുക്കൾ) |
| 6 | സുമതി,സൗമ്യാഭവൻ,പുലിയൂർ. | 52500/- (രണ്ടു |

| | | |
|---|---|---|
| | | ഗഡുക്കൾ) |
| 7 | രത്നകുമാരി,ശരത് ഭവൻ,പുലിയൂർ. | 52500/-<br>(രണ്ട ഗഡുക്കൾ) |
| 8 | സനിൽകുമാർ,സനിൽഭവനം. | 67500/-<br>(മൂന്ന് ഗഡുക്കൾ.) |

ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അവശ്യനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലായെങ്കിൽ തുക ഗുണഭോക്താക്കളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ്കെയർ പദ്ധതി :-മരുന്നുകൾ യഥാസമയം ലഭിയ്ക്കുന്നതിനുള്ള നടപടികളില്ല,പി.എം.സി യോഗം കൃത്യമായി ചേരുന്നില്ല.

എ).പ്രോജക്ട് നം.18/16(പാലിയേറ്റീവ് കെയർ)

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള മരുന്ന് വാങ്ങലിൽ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ബിൽ നം.3/15-16 തീ. 31.3.16 പ്രകാരം 50,000/-രൂപ പിൻവലിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പേരിൽ നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3) മറുപടിയും നൽകിയില്ല. അവശരായ രോഗികളുടെ അടിയന്തിര പരിചരണം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയിൽ മരുന്നുകളുടെ ലഭ്യതയ്ക്ക് കാലതാമസമുണ്ടായാൽ അർഹനായ വ്യക്തിയ്ക്ക് യഥാസമയം മരുന്ന് എത്തിക്കാൻ കഴിയാതെ വരുകയും ആവശ്യപ്പെടുന്ന മരുന്നുകൾ ലഭിക്കുമ്പോഴേക്കും ആ രോഗി മരിക്കുന്ന സാഹചര്യം പോലും ഉണ്ടാകുന്നതായി ജീവനക്കാർ അറിയിച്ചു.

കെ.എം.എസ്.സി.എൽ മരുന്നുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ, പാലിയേറ്റീവ് കെയർ പദ്ധതിയിലെ മരുന്നുകൾ നീതിസ്റ്റോർ വഴി ലഭ്യമാക്കാനുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥന് സ്വീകരിക്കാവുന്നതാണ്. ലഭ്യമായ മരുന്നിന്റെ വിശദാംശം നൽകാത്ത സാഹചര്യത്തിൽ 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി).പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി-യഥാസമയം യോഗം ചേരുന്നില്ല.

ഓഡിറ്റ് വർഷം പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത് 30.9.2015ൽ മാത്രമാണ്. സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ശരിയാം വിധം വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ജി.ഒ(എം.എസ്) 228/12 ത.സ്വ.ഭ.വ.23.08.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മൂന്ന് മാസത്തിലൊരിക്കൽ പി.എം.സി, യോഗം ചേരണമെന്നായിരുന്നു നിർദ്ദേശം. കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കുകയുള്ളു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് തന്നെ എറ്റെടുക്കാവുന്നതാണ്. ജി.ഒ.(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ.29.10.15 ലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ തുടർന്നുള്ള വർഷങ്ങളിൽ പി.എം.സി. യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 സിറാമിക് ടൈൽ ഫ്ലോറിംഗ് -- അധിക നിരക്ക് നല്കി

2015-16 ൽ നടപ്പാക്കിയ വിവിധ മെയിന്റനൻസ് പദ്ധതികളിൽ സിറാമിക് ടൈൽ ഫ്ലോറിംഗ് ഉപയോഗിച്ചുള്ള ഇനത്തിന് അധിക നിരക്ക് നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഫ്ലോറിംഗ് ഇനത്തിൽ ഇനം.നം.11.40–providing and laying rectified Glazed Ceramic floor tiles of size 300 *300mm or more.......ഡി.എസ്.ആർ 2014 പ്രകാരം നിരക്ക് 1009.60/$m^2$ ആണ്. കോസ്റ്റ് ഇൻഡക്സ് കൂടി അനുവദിക്കുമ്പോൾ 1470.99/$m^2$. എന്നാൽ വിവിധ മെയിന്റനൻസ് പദ്ധതികളിൽ ഇതേ ഇനത്തിന് തദ്ദേശ സ്ഥാപനം അനുവദിച്ച നിരക്ക് 1909.82/$m^2$ ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എം.ബുക്ക് നം/ ഇനം നം. | പ്രവർത്തി ചെയ്ത അളവ് | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്നത് | വ്യത്യാസം | ബിൽ നം |
|---|---|---|---|---|---|---|
| കൃഷിഭവൻ അറ്റകുറ്റപ്പണി | 96/15-16 ഇനം നം.3 | 22$m^2$ | 1909.82*22 =42016.04 | 1470.99*22 =32361.78 | 9654.26 | 34/15-16dt.31.3.16 bill amt.370033/- |
| അംഗൻവാടി അറ്റകുറ്റപ്പണി-വാർഡ് 12 | 96/15-16 ഇനം നം.14 | 12.64$m^2$ | 24140.12 | 18593.31 | 5546.81 | 39/15-16 dt.31.3.16 bill amt.218569 |
| ഇലഞ്ഞിമേ പി.എച്ച്.സി സബ്സെന്റർ അറ്റകുറ്റപ്പണി | 97/15-16, 15 | 0.97$m^2$ | 1852.52 | 1426.86 | 425.66 | 54/15-16 dt.31.3.16,138272/- |
| അംഗൻവാടി അറ്റകുറ്റപ്പണി-വാർഡ്-4,2nd phase | 59/15-16, 24 | 36$m^2$ | 68753.52 | 52955.64 | 15797.88 | 15/15-16 dt.29/01/16 (Amt. 204806/-) 22/15-16 dt.19/02/16(Amt.109565/-) |
| ആകെ | | | | | 31424.61 അതായത് 31425 | |

ഇപ്രകാരം കരാറുകാർക്ക് അധികം നല്കിയ 31425/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. സാധിക്കാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഇത് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ

ഒരു അസ്സിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറുമാരുമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത്. പശ്ചാത്തല മേഖലയിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. പദ്ധതി തുക വിവിധ വാർഡുകളിലായി വീതിച്ചു നൽകുന്ന പ്രവണത തുടരുന്നതിനാൽ ചെറിയ അടങ്കലുള്ള അനേകം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ വിഭാഗം നിർബന്ധിതമാകുന്നു. 2015-16 വർഷം 57 പ്രോജക്ടുകൾക്കായി 1,54,59,634/-രൂപ വകയിരുത്തുകയും 1,29,20,990/- രൂപയ്ക്ക് 52 പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്തു. ചെലവു പരിശോധനയിൽ ബഹുഭൂരിപക്ഷം പ്രോജക്ടുകളും മാർച്ച് മാസത്തിലാണ് നിർവഹിക്കപ്പെട്ടത് എന്നു കാണുന്നു. പരിമിതമായ സ്റ്റാഫ് മാത്രമുള്ള സാഹചര്യത്തിൽ മുഴുവൻ സൈറ്റുകളും സന്ദർശിച്ച് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധ്യമല്ല. അടങ്കൽ തുകയിൽ വർദ്ധനവ് വരുത്തുകയും പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവു വരുത്തുകയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-6 പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ജി.ഒ.എം.എസ്.362/2013, തസ്വഭവ, തീയതി. 16.11.2013 ഖണ്ഡിക 17 പ്രകാരം പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും ആകെ തുകയുടെ 2% പരമാവധി 2 ലക്ഷം രൂപ പദ്ധതി രൂപീകരണത്തിനായും 1.5% പരമാവധി ഒരു ലക്ഷം രൂപ നിർവ്വഹണം, മോണിറ്ററിംഗ് ഇവയ്ക്കായും ചെലവഴിക്കുന്നതിനായി ഇതേ പേരിൽ ഒരു പ്രോജക്ട് രൂപീകരിച്ച് ചെലവ് നടത്തേണ്ടതാണ്. മറ്റ് പ്രോജക്ടുകളിൽ ഈയിനത്തിലായി ചെലവ് ഉൾപ്പെടുത്തുവാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്ത് ഈയിനത്തിൽ 50,000/- രൂപ മാത്രം തനത് ഫണ്ട് വകയിരുത്തി ഒരു പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഐ. എ. എം. ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ തനത് ഫണ്ട് ചെലവ് പരിശോധനയിൽ ഈയിനത്തിൽ ധാരാളം ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു. പദ്ധതി ചെലവുകളുടെ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ഈയിനം ചെലവ് നടത്തിയിട്ടുള്ളത്. പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു എന്നത് തിട്ടപ്പെടുത്തുവാൻ കഴിയുന്നില്ല. സർക്കാർ നിർദ്ദേശിച്ച പരിധിയ്ക്കുപരി ചെലവ് വന്നിട്ടുണ്ടോ എന്നതും വ്യക്തമല്ല. പദ്ധതി വിഹിതം ചെലവഴിക്കാമായിരുന്ന ഒരിനത്തിനായി തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തിയതും ചെലവ് നടത്തിയതും പദ്ധതി ചെലവ് ശതമാനം കുറയ്ക്കുന്നതിനും, തനത് ഫണ്ടിന്റെ ശോഷണത്തിനും വഴി തെളിച്ചു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിനും, ചെലവ് നടത്തുന്നതിനും ബന്ധപ്പെട്ട ജീവനക്കാരും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മിനി ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപിക്കൽ - പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകൾ

പ്രോജക്ട് നം. - 95/16

ചെലവ്

വികസന ഫണ്ട് - 292000

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 854000

തനത് ഫണ്ട് - 732500

-----------

ആകെ 1878500 രൂപ

==========

2014-15 ൽ 146/15 നമ്പരായി 1,94,300/- ലോകബാങ്ക് ധനസഹായം വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. സർക്കാർ അംഗീകൃത സ്ഥാപനമായി കെ.എസ്.ഐ.ഇ. യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുവാൻ 26.06.2015 ലെ കമ്മറ്റി തീരുമാനിച്ചിരുന്നു. എന്നാൽ ടെണ്ടർ മുഖേനയുള്ള വാങ്ങലുകൾക്ക് മാത്രമേ ലോകബാങ്ക് സഹായം ചെലവഴിക്കുവാൻ സാധിക്കൂ എന്നതിനാൽ ലോകബാങ്ക് സഹായത്തിന് പകരം ധനകാര്യ കമ്മീഷൻ തുക വകയിരുത്തി പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് 22.09.2015 ൽ ചേർന്ന യോഗം തീരുമാനിക്കുകയും ഇത് പ്രകാരം പ്രോജക്ട് 01.10.2015 ലെ ഡി.പി.സി. അംഗീകരിക്കുകയും ചെയ്തു. വാങ്ങലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. പ്രോജക്ടിലും, ഐ.കെ.എം. ചെലവ് പത്രികയിലും പ്രോജക്ടിന്റെ പേര് സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേര് സൂചിപ്പിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി മിനി മാസ്റ്റ് ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

2. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7-5, 9-21 മുതൽ 9-25 വരെ നിർദ്ദേശങ്ങൾ പ്രകാരം സർക്കാർ സ്ഥാപനങ്ങൾ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ ഉത്പ്പാദിപ്പിക്കുന്ന സാമഗ്രികൾ, അവയുടെ ഉത്പാദനം തുടങ്ങി 5 വർഷത്തിനകം മാത്രമേ ടെണ്ടർ കൂടാതെ വാങ്ങുവാൻ സാധിക്കുകയുള്ളൂ. ഇവിടെ പഞ്ചായത്തിന് മിനി മാസ്റ്റ് ലൈറ്റുകൾ നൽകിയിട്ടുള്ള സ്ഥാപനം വർഷങ്ങളുടെ പാരമ്പര്യം ഉള്ളതാണ്. മാത്രമല്ല ഇവർ സപ്ലൈ ചെയ്തിട്ടുള്ള ലൈറ്റുകൾ ഇവരുടെ സ്വന്തം പ്രോഡക്ടുമല്ല. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്തിയിരുന്നു എങ്കിൽ കുറച്ച് കൂടി കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാകുമായിരുന്നു. വാങ്ങലുകൾക്ക് ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3. സങ്കേതിക വിദഗ്ധരിൽ നിന്ന് ക്ഷമതാ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് ശേഷം ഇവയുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് പൊതുമരാമത്ത് വൈദ്യുതി വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് കത്ത് പ്രകാരം ആവശ്യപ്പെട്ടെങ്കിലും ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റിലോ മേൽനോട്ടത്തിലോ അല്ല പൂർത്തീകരിച്ചത് എന്നും ആയതിനാൽ ടി പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകിയ ഏജൻസിയിൽ നിന്ന് പരിശോധനാ റിപ്പോർട്ട് വാങ്ങുവാനും ആണ് മറുപടി ലഭിച്ചത്. 2016 മാർച്ച് മാസത്തിൽ സ്ഥാപിക്കപ്പെട്ട വിളക്കുകൾ ഇപ്പോഴും പ്രവൃത്തിയ്ക്കുന്നതായാണ് ഭരണസമിതി അറിയിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങുന്നതിന് മുമ്പ് ക്ഷമതയുള്ള അധികാരികളിൽ നിന്ന് പ്രവർത്തന ക്ഷമത ഉറപ്പ് വരുത്തുന്നതിന് പകരം സ്ഥാപിച്ച ശേഷം അതിന് ശ്രമിക്കുകയും റിപ്പോർട്ട് ലഭിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും, ഉത്തരവുകളും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

## 3-8 സ്വയം തൊഴിലിന് ഓട്ടോറിക്ഷാ - പ്രോജക്ടിലെ അപാകത - സംബന്ധിച്ച്

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ സ്വയം തൊഴിലിന് ഓട്ടോറിക്ഷാ എന്ന പ്രോജക്ടിന്റെ അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1). ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി

ഓട്ടോറിക്ഷാ നൽകുന്നതിന് സബ്സിഡി നൽകിയ 1.സുരേഷ്, മങ്കുഴിചാൽ, പേരിശ്ശേരി, 2.സോമരാജൻ, പഴമ്പള്ളിത്തറ, പുലിയൂർ, 3.അജയൻ, തോപ്പിൽത്തറ, തിട്ടമേൽ എന്നിവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2). പ്രോജക്ടിലുൾപ്പെടുത്തി ധനസഹായം നൽകിയ നാല് ഗുണഭോക്താക്കളുടേയും ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്ത് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാങ്ക് പാസ്സ് ബുക്ക്

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3). സബ്സിഡി തുക ഉപയോഗിച്ച് വാങ്ങിയ ഓട്ടോറിക്ഷാ കൈമാറ്റം ചെയ്യാതിരിക്കുന്നതിനായി ആർ.സി.ബുക്കിൽ രേഖപ്പെടുത്തലുകൾ ഒന്നും ചെയ്തിട്ടില്ല. ഇപ്രകാരം രേഖപ്പെടുത്തൽ നടത്താതിരിക്കുക വഴി ഗുണഭോക്താക്കൾ നിശ്ചിത കാലയളവിൽ ഓട്ടോ കൈമാറ്റം ചെയ്യപ്പെടുന്നില്ലെന്നത് എപ്രകാരം ഉറപ്പാക്കുമെന്ന് വിശദീകരിച്ചിട്ടില്ല.

4). സബ്സിഡി നൽകിയ സുശീല.എ.കെ, എന്നയാളുടെ ഗുണഭോക്തൃലിസ്റ്റ്, റേഷൻകാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയിലെ അഡ്രസ്സ് സുഭാഷ് ഭവൻ, അങ്ങാടിക്കൽ(S) എന്നാണ്. എന്നാൽ ആധാർ കാർഡ്, ഡ്രൈവിങ് ലൈസൻസ്, ആർ.സി.ബുക്ക് എന്നിവയിലെ അഡ്രസ്സ് വേലത്താൻ പറമ്പ്, തിങ്കളാമുറ്റം, അങ്ങാടിക്കൽ(S) എന്നുമാണ്. രണ്ട് അഡ്രസ്സിലുമുള്ളവർ ഒരാളാണെന്ന് തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.കെ.എം.സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

തനതുഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും ഇവയുടെ ചെലവ് ഐ.കെ.എം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല. പഞ്ചായത്തിന്റെ ചെലവു സംബന്ധിച്ച ആധികാരിക രേഖയായി ഐ.കെ.എം സ്റ്റേറ്റ്മെന്റ് കണക്കാക്കപ്പെടുന്നത്. പദ്ധതിവകയിരുത്തലും ചെലവും വിശകലനം ചെയ്യുന്നതിന് ഈ പത്രികയാണ് ആധാരമാക്കുന്നത്. തനതുഫണ്ട് ചെലവുവിവരം ഇതിൽ ഉൾപ്പെടുത്താതിരുന്നത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തനതുഫണ്ട് തുക | ചെലവുസ്റ്റേറ്റ് പ്രകാരമുള്ള ചെലവ്. | യഥാർത്ഥ ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 22/16 വീട് പുനരുദ്ധാരണം. | 325000 | ഇല്ല. | 25000 | വി.ഇ.ഒ. |
| 2 | പദ്ധതി രൂപീകരണ നിർവ്വഹണ പ്രോജക്ടുകൾ. | 50000 | ഇല്ല. | | സെക്രട്ടറി. |
| 3 | ടെക്നിക്കൽ അസ്സിസ്റ്റന്റിന്റെ വേതനം. | 162000 | ഇല്ല. | 162000 | സെക്രട്ടറി. |
| 5 | അതുല്യം പദ്ധതി | 50000 | ഇല്ല. | 32000 | ഹെഡ് മാസ്റ്റർ |

പ്രോജക്ടിന്റെ ഭാഗമായുള്ള തനതുഫണ്ട് ചെലവുകൾ ചെലവു സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപ്പണിയും.(പ്രോജക്ട്100/16).അപാകതകൾ

പ്രസ്തുത പ്രോജക്ടിനായി 5-6-2015-ൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ഒറ്റ ടെണ്ടർ മാത്രമാണ് ലഭിച്ചത്. റീടെണ്ടർ ചെയ്താലും ഇതിലും ഭേദപ്പെട്ട ടെണ്ടർ ലഭിക്കാനിടയില്ലെന്ന നിഗമനത്തിൽ 6-7-2015ലെ കമ്മറ്റി തീരുമാനപ്രകാരം ശ്രീ.രാജു.കെ.ജി.എന്നയാൾക്ക് കരാർ ഉറപ്പിച്ച് നല്കി. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). സർക്കുലർ നം.പ്രകാരം ഇലക്ട്രിക്കൽ റിപ്പയറിംഗിനായി കരാർ ഏറ്റെടുക്കുന്ന ആൾ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി വക്കേണ്ടതാണ്. 400000രൂപയ്ക്ക് കരാർ എടുത്ത ആൾ 40000 രൂപ

ഡെപ്പോസിറ്റ് വക്കണമായിരുന്നു. ശ്രീ.രാജു.പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ പ്രകാരം 2000രൂപ മാത്രമേ ഡെപ്പോസിറ്റായി വച്ചിട്ടുള്ളൂ. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇതുസംബന്ധമായി രേഖപ്പെടുത്തലുകൾ ഒന്നും നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് ഇനത്തിൽ എത്ര രൂപ ലഭിച്ചു എന്നവിവരവും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലും പരിശോധനക്ക് ഹാജരാക്കുന്നതിനായി എൻക്വയറി നൽകി എങ്കിലും മറുപടി ലഭിച്ചിട്ടില്ല.

2). ഇലക്ട്രിക്ക് സാമഗ്രികൾ വാങ്ങുന്നതിനായി 61750 രൂപ ചെക്ക് നം.596406 dt.20-10-2015 പ്രകാരം ശ്രീ.രാജുവിന് നൽകിയിട്ടുണ്ട്. ഇത്പ്രകാരം ലഭ്യമാക്കിയ സാമഗ്രികളുടെ സ്റ്റോക്ക് സംബന്ധിച്ച് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3). ബിൽ നം.24/16 dt.30-3-2016 പ്രകാരം 145445രൂപ പിൻവലിച്ച് 115527രൂപ ശ്രീ.രാജുവിന് നൽകുകയും 29,918/-രൂപയ്ക്ക് ഇലക്ട്രിക് സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തിയതിനുള്ള തുകയെന്നു രേഖപ്പെടുത്തിയാണ് തുക നൽകിയത് എങ്കിലും, എതിനത്തിലുള്ള എത്ര വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി എന്നത് സംബന്ധിച്ച് ക്രോഡീകരിച്ച കണക്ക് സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡ് മെമ്പർമാരും അവരവരുടെ വാർഡിലെ ലൈറ്റ്കൾ അറ്റകുറ്റപ്പണി നടത്തി എന്നല്ലാതെ ഏതിനത്തിലുള്ള എത്ര എണ്ണം ശരിയാക്കി/മാറ്റിയിട്ടു എന്നുള്ള വിവരം സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ ഈയിനത്തിൽ നൽകിയ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

4). പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള അമ്മിണി ലൈറ്റ്കൾക്ക് എ.എം.സി.ക്കായി രണ്ടു പ്രോജക്ടുകളിലായി (94&95) 52960 രൂപ നൽകിയിട്ടുണ്ട്. അമ്മിണി ഏജൻസിക്ക് മെയ്ന്റനൻസിനായി AMCനൽകിയ ലൈറ്റ്കളുംകരാറുകാരൻ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോ എന്നത് നിരീക്ഷണ വിധേയമാക്കിയിട്ടില്ല. 2015-16-ൽ അമ്മിണിലൈറ്റുകൾ അമ്മിണി ഏജൻസി അറ്റകുറ്റപ്പണിനടത്തിയതു സംബന്ധിച്ച് യാതൊരുരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവുതുക 260155/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി

1). അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം | കൈപ്പറ്റിയ തുക | ബിൽ നം/തീയതി |
|---|---|---|---|---|---|
| 1 | പട്ടിക ജാതിഭവന നിർമ്മാണം | S0128/16 | ഷീന ദിലീഷ്,<br>പുത്തൻ വീട്ടിൽ,<br>അത്തിക്കൽ ഹൌസ് | 30000/- | 15/28.3.16 |
| 2 | സാനിട്ടറി കക്കൂസ് നിർമ്മാണം(SCP) | S0105/16 | 1.വാസന്തി,ചെറുകിഴങ്ങിൽ, പേരിശ്ശേരി<br>2.പൊന്നമ്മ, കവിതാഭവനം | 12000/-(കേന്ദ്ര ഫണ്ട്)<br>3400/- (വികസന ഫണ്ട്)<br>12000/-(കേന്ദ്ര ഫണ്ട്)<br>3400/-(വികസന ഫണ്ട്) | 475442/30.11.15<br>880303/30.11.15)<br>2532017/25.4.16<br>607703/4.4.16 |

| | | | | | |
|---|---|---|---|---|---|
| | | | | | |

a) പട്ടികജാതി ഭവന നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയെ 28.7.2015ലെ IIാം നമ്പർ കമ്മറ്റി തീരുമാന പ്രകാരമാണ് ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികളെ ആനുകൂല്യത്തിന് അർഹരായി തെരഞ്ഞടുക്കുമ്പോൾ തുടർന്നുള്ള ആദ്യത്തെ ഗ്രാമസഭയിൽ തന്നെ പ്രസ്തുത വ്യക്തികളെ ഉൾപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം സാധൂകരണം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/31.10.16)/യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ല.

b) സാനിട്ടറി കക്കൂസ് നിർമ്മാണം(SCP) പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/27.10.16) യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവുതുക 60,800/-തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകിയില്ലായെങ്കിൽ ആയത് ബന്ധപ്പെട്ടവരുടെ ബാധ്യതയാകുന്നതാണ്.

## 3-12 മീഡിയാ ശ്രീ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി കുടുംബശ്രീ അംഗങ്ങൾക്ക് മീഡിയാ ശ്രീ (S0035/16) പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വികസനഫണ്ടിൽ നിന്ന് 50000/-രൂപ (ഡിഡി നം. 881308/1.2.16) യും തനത് ഫണ്ടിൽ നിന്ന് 15000/- രൂപ (253106/3.2.16) യും ഉൾപ്പടെ 65000/- രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 65000/-രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 വാർഷിക കണക്ക് അപാകതകൾ

പഞ്ചായത്തിന്റെ പബ്ലിക് അക്കൗണ്ടിൽ 2015 ഏപ്രിൽ മാസം ശേഷിച്ചിരുന്ന തുകയുടെ യഥാർത്ഥ ചെലവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ അസറ്റുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4.12 | 2009-10 | 3.13 | വനിതാ തൊഴിൽ പരിശീലനം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 25059359/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32069480/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31425 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 645955 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-4 | | 31425 | ശ്രീ.അഭിലാഷ്, എ.ഇ,<br>ശ്രീമതി.ശ്രീകല,എ.എക്സ്.ഇ |
| | ആകെ | 31425 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 45000<br>15000 | ഓമന ദേവദാസ്, സെക്രട്ടറി<br>അനിൽകുമാർ, വി.ഇ.ഒ. |
| 3-3 | 50000 | ഡോ.രാജി സുഗതൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-8 | 150000 | ഷീജ.പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 260155 | ശ്രീമതി. ഓമന ദേവദാസ്, സെക്രട്ടറി |
| 3-11 | 60800 | ഷീജ.പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 65000 | ശ്രീമതി.ഷീജ.പി.എസ്സ്,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 645955 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഓമന ദേവദാസ്, സെക്രട്ടറി | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | TC/13/1804(3)<br>അവിട്ടം റോഡ്,<br>കുമാരപുരം,<br>മെഡിക്കൽ കോളേജ്.പി.ഒ<br>തിരുവനന്തപുരം |
| ശ്രീമതി.ഷീജ.പി.എസ്സ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുലിയൂർ ഗ്രാമപഞ്ചായത്ത് | ശ്രീപദ്മം,<br>ഉച്ചക്കട,<br>വെങ്ങാനൂർ പി.ഒ<br>തിരുവനന്തപുരം |
| ശ്രീ.അനിൽകുമാർ, വി.ഇ.ഒ. | വി.ഇ.ഒ. പുലിയൂർ ഗ്രാമപഞ്ചായത്ത് | വലിയത്ത് തെക്കേതിൽ,<br>എരുമക്കുഴി |
| ശ്രീ.അഭിലാഷ്, എ.ഇ | അസിസ്റ്റന്റ് എൻജിനീയർ, | ശ്രീകൃഷ്ണവിലാസം,<br>മണ്ണംകോട് |

| | | |
|---|---|---|
| | ബുധനൂർ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം |
| ശ്രീമതി.ശ്രീലത, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ചെങ്ങന്നൂർ ബ്ലോക്ക് | |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8-1159/00/30.11.2000/8.02.01 |
| 1997-98 | എൽ.എഫ്.ജി.എ5-1832/11 തീ.25.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.30.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീ.30.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1577/13(B) തീ.21.05.14 |
| 2005-06 | എൽ.എഫ്.ജി.എ5-1577/13 തീ.20.05.14 |
| 2006-07,2008-09 | എൽ.എഫ്.ജി.എ5-1577/13 തീ.21.05.14 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13 തീ.20.05.14 |
| 2009-10 | എൽ.എഫ്.ജി.എ5-1577/13 തീ.21.05.14 |
| 2010-11,2011-12 | എൽ.എഫ്.ജി.പി5-195/14തീ.22.5.14/4.7.14 |
| 2012-13 | എൽ.എഫ്.ജി.പി5-201/15 തീ.4.08.15 |
| 2013-14 | കെഎസ്.എ.എ.എൽ.പി-പി5-199/2016 തീ.22.03.16 |
| 2014-15 | കെ.എസ്.എ.എ.എൽ.പി- പി12-821/2016 തീ.26/07/2016 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി2-1265/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

ഫോൺ : 0477 2252753
ഇമെയിൽ : ddhglfalpy@gmail.com
തീയതി: 16.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിന്റെ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P2-1265/16

Kerala State Audit Department,

District Audit Office, Alappuzha.

Phone: 0477 2252753
E-mail- ddhglfalpy@gmail.com
Date: 21.11.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Puliyoor Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Puliyoor Gramapanchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the true picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha